പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3550 | 18.02.2013 ൽ മറുപടിയ്ക്ക് |
|---|---|
| **അംഗൻവാടി ജീവനക്കാർക്ക് ക്ഷേമനിധി വിഹിതം** | |
| **ചോദ്യം** | **ഉത്തരം** |
| **ശ്രീ. ബി. സത്യൻ** | **ഡോ. എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി)** |
| (എ) അംഗനവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് വെൽഫെയർ ബോർഡിൽ അംഗങ്ങളായ അംഗനവാടി വർക്കേഴ്സിനും ഹെൽപ്പേഴ്സിനും എത്ര രൂപവീതമാണ് ക്ഷേമനിധി വിഹിതം അടയ്ക്കേണ്ടത്; ഇതിൽ മാറ്റം വരുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര വീതമാണെന്നും വ്യക്തമാക്കുമോ; | (എ) നിലവിൽ അംഗൻവാടി വർക്കർക്ക് 30/-രൂപയും അംഗൻവാടി ഹെൽപ്പർക്ക് 15/- രൂപയുമാണ് പ്രതിമാസം ക്ഷേമനിധി വിഹിതമായി അടയ്ക്കേണ്ടത്. ഇത് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച കാര്യം പരിശോധിച്ചുവരുന്നു. |
| (ബി) ഇവർക്ക് എത്ര രൂപവീതമാണ് നിലവിൽ പെൻഷൻ നൽകിക്കൊണ്ടിരിക്കുന്നത്; ഇവരുടെ പെൻഷൻ വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര വീതം; വിശദമാക്കുമോ; | (ബി) പെൻഷനായ അംഗൻവാടി വർക്കർമാർക്ക് നിലവിൽ 500/- രൂപയും ഹെൽപ്പർമാർക്ക് 300/- രൂപയുമാണ് പ്രതിമാസ പെൻഷനായി നൽകി വരുന്നത്. പ്രസ്തുത തുക വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച കാര്യം പരിശോധിച്ചുവരുന്നു. |
| (സി) അംഗനവാടി ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കുമോ ? | (സി) പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ